# യുക്തിവാദത്തിന്റെ ഗതി

## സി. ജെ. തോമസ്



യുക്തിവാദത്തിന്റെ ഗതി
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2022, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Head of a Peasant, a painting by Kazimir Malevich (1879–1935). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# യുക്തിവാദത്തിന്റെ ഗതി

കേരളത്തിലെ യുക്തിവാദപ്രസ്ഥാനത്തിന്റെ ഇന്നത്തെ നായകനെന്ന് നിസ്സന്ദേഹം പറയാവുന്ന ശ്രീ. എം. സി. ജോസഫിന്റെ ലേഖനങ്ങളുടെ ഒരു സമാഹാരമാണ് 'പുരോഗതി'. ലോകപുരോഗതിയുടെ അനിവാര്യമായ ഒരു ഘടകമാണ് യുക്തിവാദം. പുരോഗതിയുടെ ചരിത്രം അന്വേഷണത്തിന്റെ കഥയാണ്. എന്തിനേയും ചോദ്യംചെയ്യുക, എപ്പോഴും അറിവിനുവേണ്ടി പരിശ്രമിക്കുക ഇതാണ് യഥാർത്ഥമായ മാനസികപുരോഗതിയുടെ അടിസ്ഥാനം. എണ്ണമില്ലാത്ത അന്ധവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിമയായിരുന്നു മനുഷ്യവർഗ്ഗം. കുറെയൊക്കെ ഇന്നും അങ്ങിനെത്തന്നെയാണ്. ഈ ശൃംഖലകളെ പൊട്ടിക്കുന്നതിന് ശ്രീ. എം. സി. ജോസഫ് ചെയ്തിട്ടുള്ള പരിശ്രമങ്ങളെ കേരളീയർ ഒരു കാലത്തും മറക്കുകയില്ല. ഈ പുസ്തകത്തിൽതന്നെ, ജ്യോതിഷം, ആത്മപീഡ, മതത്തിന്റെ മറവിൽ നടക്കുന്ന പാതകങ്ങൾ എന്നിങ്ങനെ പല വിഷയങ്ങളെ സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം നിശ്ചിതമായ ഒരു പ്രയോജനമുണ്ട്. പക്ഷേ, 'പുരോഗതി' എന്ന തലക്കെട്ടിന് ഈ പുസ്തകത്തിന് അവകാശമുണ്ടോ എന്ന് പരിശോധിച്ചുനോക്കേണ്ടതാണ്.

അറിവ് ആരംഭിക്കുന്നത് സംശയത്തിലാണ്. പക്ഷേ, അവസാനിക്കുന്നത് സംശയത്തിലല്ല. ശ്രീ. എം. സി. ജോസഫ് സംശയത്തിലാണ് ആരംഭിക്കുന്നത്. അദ്ദേഹം മതത്തേയും, ഇന്നത്തെ സന്മാർഗ്ഗ നീതിയേയും മറ്റും ചോദ്യം ചെയ്യുന്നു. യുക്തിപരമായ ചിന്തകൊണ്ട് പല അന്ധവിശ്വാസ ഭൂതങ്ങളേയും അദ്ദേഹം ആട്ടിപ്പായിക്കുന്നു. അദ്ദേഹം ചിന്താമണ്ഡലം ശുദ്ധമാക്കി, ചവറും ചപ്പും എല്ലാം ഉത്തുതുടച്ചുകളഞ്ഞു. പക്ഷേ, തൽസ്ഥാനത്ത് എന്തെങ്കിലും അദ്ദേഹം പ്രതിഷ്ഠിച്ചിട്ടില്ല. അദ്ദേഹം സംശയത്തിൽ ആരംഭിച്ചു. അത്രമാത്രം നല്ലത്. പക്ഷേ, അദ്ദേഹം യാതൊരു നിശ്ചയത്തിലും എത്തിച്ചേർന്നില്ല. ഏതെങ്കിലും ഒരു തത്ത്വസംഹിതയുടെ അടിമത്വം സ്വീകരിക്കാൻ തയ്യാറില്ലാത്തതുകൊണ്ടാണ് ഒരു നിശ്ചിത ചിന്താസരണിയിലെത്തിച്ചേരാത്തതെന്നദ്ദേഹം സമാധാനം നൽകിയേക്കും. കാരണമെന്തുമായിക്കൊള്ളട്ടെ 'പുരോഗതി'യുടെ ഉള്ളടക്കം വന്ധ്യമാണ്. അക്കാരണത്താൽതന്നെ അത് പുരോഗമനസ്വഭാവത്തെ വെടിയുകയും ചെയ്യുന്നു. ആശയവാരത്തിന്റെ കാലത്തോട് തട്ടിച്ചു നോക്കുമ്പോൾ യുക്തിവാദം പുരോഗമനമാണ്. പക്ഷേ, ശാസ്ത്രയുഗത്തിൽ വെറും യുക്തിവാദം ഗതിരഹിതമാണ്, നിർജ്ജീവമാണ്. അപ്പോൾ ശാസ്ത്രവും യുക്തിവാദവും തമ്മിൽ എന്താണ് വ്യത്യാസം എന്നല്ലേ? അതിന്റെ കഥ തത്ത്വചിന്തയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിത്തീർന്നതിന്റെ കഥയാണ്.

മനുഷ്യൻ തന്റെ ചുറ്റും കാണുന്നതിനെയെല്ലാം നോക്കിക്കണ്ടു. ഇവയെല്ലാം എന്താണെന്ന് അത്ഭുതപ്പെട്ടു. കാഴ്ചയുടെ ആദ്യനിമിഷങ്ങളിൽ സഹജമായ തിമിരബാധ ആദിമമനുഷ്യനെയും ബാധിച്ചിരിക്കണം. അവൻ ഇടിവെട്ടുന്നതു കണ്ടു, ചെടികൾ വളരുന്നതുകണ്ടു, പശുവിനു കിടാവുണ്ടാകുന്നതും, ഇതെല്ലാം അവനെ അമ്പരപ്പിച്ചു. ശാന്തതയോടുകൂടി നോക്കിയിരുന്ന ഇവയുടെ സ്വഭാവങ്ങൾ പഠിക്കുവാൻ ക്ഷമയില്ലാതെ പോയവർ ഇവയുടെയെല്ലാം അസ്തിത്വത്തെത്തന്നെ നിഷേധിച്ചു. ഇല്ലാത്തതിനെപ്പറ്റി അറിയുകസാദ്ധ്യമല്ലല്ലോ. അതുകൊണ്ട്, അടുത്തപടിയായി അറിവുതന്നെ അസാദ്ധ്യമെന്നും അവർ തീരുമാനിച്ചു; എന്തെങ്കിലും ഉണ്ട് എന്ന അഭിപ്രായം ഒരു വ്യാമോഹമാണെന്നായി അവരുടെ വാദം. പക്ഷേ, ഇവിടെ ഒരു ബുദ്ധിമുട്ട് നേരിട്ടു. അഭിപ്രായമായാലും, വ്യാമോഹമായാലും, അത് തന്നെയെങ്കിലും ഉണ്ടെന്ന് സമ്മതിക്കണമല്ലോ. അതുകൊണ്ട്, ചിന്തയുണ്ട്, മനസ്സുണ്ട് എന്ന അനുമാനത്തിലാണവർ എത്തിച്ചേർന്നത്. ഇങ്ങിനെയാണ് ഇന്ദ്രിയാനുഭവങ്ങൾകൊണ്ട് അറിയാൻ കഴിയുന്ന വസ്തുക്കളുടെ അസ്തിത്വത്തെ നിഷേധിക്കുകയും, മനസ്സ്, ആത്മാവ് മുതലായവ ഉണ്ടെന്ന വിശ്വസിക്കുകയും ചെയ്യുക എന്ന വിരോധാഭാസത്തിൽ ചില ചിന്തകന്മാർ എത്തിച്ചേർന്നത്. ഇവരാണ് ആശയവാദികൾ അഥവാ മായാവാദക്കാർ. ഇടിവെട്ടേറ്റ് ആളിക്കത്തുന്ന കരിമ്പന അവർക്ക് മായയാണ്. പക്ഷേ, ആ ഇടിയുടെ പുറകിലുള്ള ഇന്ദ്രനും, കരിമ്പനയുടെ മുകളിൽ വസിക്കുന്ന യക്ഷിയും, അവളുടെ ജാരനായ ഗന്ധർവ്വനും എല്ലാം യഥാർത്ഥങ്ങളാണ്. ഇങ്ങനെയാണ് ദൈവങ്ങളും അന്ധവിശ്വാസങ്ങളും മതങ്ങളും എല്ലാം ഉണ്ടായിത്തീരുന്നത്. കാണുന്നത് വിശ്വസിച്ചുകൂടായെന്നും കാണാത്തതുമാത്രമേ വിശ്വസിക്കാവൂ എന്നും വിശ്വസിക്കുന്ന ഒരു തലതിരിഞ്ഞ നിലയിലെത്തിയ മനുഷ്യനെ പിന്നെ എന്തും ചെയ്യിക്കാൻ കഴിയുന്നതാണ്. പൗരാണികകാലം മുതൽ മന്ത്രവാദിയും, ജോതിഷിയും, പുരോഹിതനും ഇതുകൊണ്ട് മുതലെടുത്തുകൊണ്ടിരിക്കയാണ്.

ഇതിൽനിന്ന് മനുഷ്യരെ രക്ഷിക്കാൻ ഒരു മാർഗ്ഗം മാത്രമേയുള്ളു. അത് ഭൗതികലോകത്തിന്റെ അസ്തിത്വം സ്ഥാപിക്കുക എന്നതു മാത്രമാണ്. ഇതിന് ഒന്നാമതായി അറിവ് സാദ്ധ്യമാണെന്ന് സ്ഥാപിക്കണം. പ്രപഞ്ചത്തിന്റെ പ്രത്യക്ഷരൂപങ്ങളെ സശ്രദ്ധം നോക്കിയിരുന്ന പഠിക്കുവാൻ ക്ഷമയില്ലാതെ പോയവനാണ് ആശയവാദി. ഭൗതികവാദി ക്ഷമയോടെ രൂപങ്ങൾ വ്യക്തമായി കാണുന്നതുവരെ കാത്തിരിക്കുന്നു. ഇടിയുടെ പിറകിൽ വിദ്യുച്ഛക്തിയുണ്ടെന്ന് നിരീക്ഷണംകൊണ്ട് എടുക്കുകയും, പരീക്ഷണംകൊണ്ട് തെളിയിക്കുകയും ചെയ്യുന്നവനാണ് ഭൗതികവാദി. അവൻ അറിവ് സാദ്ധ്യമാണെന്ന് പ്രായോഗികമായി തെളിയിക്കുന്നു. രണ്ടാമതായി സ്ഥാപിക്കേണ്ടത് എന്തെങ്കിലുമൊരു കാര്യം തെളിയിക്കേണ്ട മാർഗ്ഗമാണ്. ഈ മാർഗ്ഗമാണ് യുക്തിവാദം. യുക്തിക്കനുസരണമായി തോന്നുന്നത് അവൻ സ്വീകരിക്കുന്നു. അല്ലാത്തതിനെ തള്ളുന്നു. ഈ രണ്ടുകാര്യങ്ങൾ സ്ഥാപിക്കുകയാണ്. ഹെറാക്ലിറ്റസ് തുടങ്ങിയുള്ള ഭൗതികവാദികളും, അരിസ്റ്റോട്ടിൽ, വോൾട്ടയർ തുടങ്ങിയ താർക്കികന്മാരും സാധിച്ചത്. മതത്തിന്റെയും മാമൂലിന്റെയും ചവറുകൊട്ടകളെ ശുചിയാക്കാൻ ഇതുപകരിച്ചു. ഈ പ്രവർത്തിയാണ് ശ്രീ. രാമവർമ്മത്തമ്പാനും, ശ്രീ. അയ്യപ്പനും, ശ്രീ. എം. സി. ജോസഫും കേരളത്തിൽ ചെയ്തത്. അതുകൊണ്ടുതന്നെ കേരളീയരുടെ ചിന്താഗതിക്ക് യുക്തിയുക്തവും ശാസ്ത്രീയവുമായ ഒരടിസ്ഥാനമിട്ടതും അവരാണെന്ന് പറയാം.

എന്നാൽ, അടിസ്ഥാനം മന്ദിരമല്ല; യുക്തിവാദം ഫിലോസഫിയുമല്ല. ലോകം യഥാർത്ഥമാണെന്ന് പറഞ്ഞതുകൊണ്ടു മാത്രമായില്ല. ലോകത്തിലെ നാനാ പ്രത്യക്ഷരൂപങ്ങളുടെ സ്വഭാവംകൂടി മനസ്സിലാക്കേണ്ടതുണ്ട്. സാധാരണ ഭൗതികവാദി പ്രപഞ്ചത്തെ പദാർത്ഥങ്ങളുടെ ഒരു കുമ്പാരമായി കണക്കാക്കുന്നു. അതുകൊണ്ട് അവൻ സംതൃപ്തനമാകുന്നു. മുമ്പൊരു ഘട്ടത്തിൽ ആശയവാദമുപേക്ഷിച്ചപോയതുപോലെ 'കിട്ടിപ്പോയി' എന്ന ഭാവത്തോടെ ഈ ഘട്ടത്തിൽ കുറെ അന്വേഷകന്മാർ പിരിഞ്ഞുപോകും. ആശയവാദിയുടെ അഭിപ്രായങ്ങളെ തച്ചുടയ്ക്കാൻ കഴിഞ്ഞാൽ അവൻ ചാരിതാർത്ഥനായി. 'ഒന്നും അറിയാൻ കഴിയുകയില്ല' എന്ന വാദത്തിന് അവൻ കൊടുക്കുന്ന മറുപടി, എല്ലാം അറിഞ്ഞുകഴിഞ്ഞു എന്നായിരിക്കും. ഇവർ ലോകത്തെ കണക്കാക്കുന്നത് ഒരു യന്ത്രമായിട്ടാണ്. യന്ത്രത്തിന് ചലനമുണ്ടെങ്കിലും മാറ്റമില്ലല്ലോ. അതുകൊണ്ട് ഇവർ യാന്ത്രികവാദികൾ എന്നറിയപ്പെടുന്നു. നിശ്ചിതമായ ഒരു ഫിലോസഫിയിൽ എത്താത്ത യുക്തിവാദം ഇവിടെയാണ് എത്തിച്ചേരുന്നത്. ഉദാഹരണത്തിന് വിധിയെപ്പറ്റി ശ്രീ. എം. സി. ജോസഫിന്റെ അഭിപ്രായം നോക്കുക. മനുഷ്യന്റെ ശക്തിക്കു കീഴടങ്ങാത്തതും, ഇന്ന് അറിവിൽപെടാത്തതുമായ പ്രകൃതിനിയമങ്ങളെ ഇല്ലെന്നു പറയുന്നത് ആശയവാദത്തിന്റെ മറ്റൊരു പകർപ്പാണ്. വിധിയെ നയിക്കുന്ന ഒരു ശക്തിയും ഇല്ല, കർമ്മവും ഇല്ല. പക്ഷേ, വിധിയെന്ന് ഇന്നത്തെ രീതിയിൽ ഗണിക്കുന്നത് യാദൃച്ഛികസംഭവങ്ങളെയാണ്. ഇതിനെപ്പറ്റി യാദൃച്ഛികത (chance) എന്നൊരു പ്രതിപാദ്യവിഷയം തന്നെ തത്ത്വചിന്തയിലുണ്ട്. അതിനും നിയമങ്ങളുണ്ടായിരുന്നേക്കാം. പക്ഷേ, അനുഭവങ്ങൾ ഉണ്ടാകുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ആ സംഭവം വിധിമാത്രമാണ്. ഇങ്ങിനെ ആപേക്ഷികമായ അർത്ഥത്തിൽ വിധിയുണ്ടെന്ന് പറയുന്നത് തെറ്റല്ല. സ്വന്തം ശക്തിക്കതീതമായ എന്തോ ഒന്ന് എന്നുമാത്രമേ അതിനർത്ഥമുള്ളു. ഇനി ഈ യാദൃച്ഛികസംഭവങ്ങളെയെല്ലാം ബന്ധിച്ചു നിറുത്തുന്ന ഒരു നിയമമുണ്ടെന്നുവന്നാൽ, ആ നിയമം പ്രയോഗിച്ച് പ്രവചനം സാദ്ധ്യമാക്കിത്തീർക്കാൻ കഴിയുന്നതാണല്ലോ. അങ്ങിനെയെങ്കിൽ ജ്യോതിഷത്തെ അടച്ച് നിഷേധിക്കുന്നതും ശരിയാണോ? യുക്തിവാദം ഇങ്ങിനെയുള്ള പരസ്പരവൈരുദ്ധ്യങ്ങളിൽ ചെന്ന് ചാടുന്നതിന് കാരണമുണ്ട്. സാധാരണ യുക്തിവാദത്തിന്, അഥവാ യാന്ത്രിക ഭൗതികവാദത്തിന് പ്രപഞ്ചത്തിലെ പ്രത്യക്ഷരൂപങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന ഒരു വിശ്വാസപ്രമാണമില്ല. ഒരു വിശ്വാസപ്രമാണത്തിലുമെത്തിച്ചേരാതെ മനുഷ്യൻ സംതൃപ്തനാവുകയില്ല. പ്രകൃതിവാസ്തങ്ങളെ വേറെയെടുത്ത് ചിന്തിക്കുന്ന രീതി ആപല്ക്കരമാണ്. ഏതെങ്കിലും ഒരു പ്രേതബാധയുടെ രഹസ്യം ഒരു യുക്തവാദിക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ ക്രമേണ ആത്മീയതത്വത്തിലേക്ക് പോയെയെന്നുവരാം. ചുരുക്കത്തിൽ, എല്ലാ, അറിയാമെന്നും ഒന്നും അറിഞ്ഞുകൂടാ എന്നുമുള്ള വാദഗതികൾ ഒരു ചിന്താഗതിയുടെ രണ്ടു രൂപങ്ങൾ മാത്രമാണ്. ഇതിനെല്ലാം കാരണം പുരോഗമനപരമായ ഒരു ഫിലോസഫിയിൽ ചിന്ത എത്തിച്ചേർന്നിട്ടില്ല എന്നതാണ്.

ആദ്യത്തെ ഉപമതന്നെ നമുക്കു തുടരാം. നിരീക്ഷകൻ പ്രപഞ്ചരൂപങ്ങളെ കാണുന്നു. അവയുടെ അസ്തിത്വത്തെ സ്വീകരിക്കുകയും ചെയ്യുന്നു. പിന്നെയും ക്ഷമയോടുകൂടി നോക്കിയിരുന്നാൽ മൂന്ന് സ്വഭാവവിശേഷങ്ങൾ കാണാൻ കഴിയുന്നതാണ്. ഒന്ന്, പ്രകൃതിയുടെ ഓരോ ഭാഗവും നിരന്തരം ചലിച്ചുകൊണ്ടിരിക്കുകയാണ്. രണ്ട്, ഈ ചലനത്തിൽക്കൂടി, അവ തമ്മിൽ സുസ്ഥിരമായ ഒരു പരസ്പരബന്ധം പരിപാലിച്ചുപോരുന്നുണ്ട്. മൂന്ന്, ഈ ചലനം വെറും യാന്ത്രികചലനമല്ല, വിപ്ലവപരമായ മാറ്റമാണ്. ഈ മാറ്റത്തിന്റെ അടിസ്ഥാനം വിരുദ്ധശക്തികളുടെ സംഘട്ടനമാണ്. ഇത് നിശ്ചിതമായ ഒരു ഫിലോസഫിയാണ്. ഇങ്ങിനെയൊരു നിലപാടിൽ എത്തുന്നതുവരെ സത്യാന്വേഷണം അവസാനിക്കുന്നില്ല; അവസാനിക്കാൻ പാടുമില്ല. അത് ചിന്തയുടെ അടിമത്വമാണെന്ന് ഗണിക്കുന്നത് ഒരു വെറും അരാജകമനഃസ്ഥിതിയാണ്. വെറും യുക്തിവാദം മനുഷ്യന്റെ ചങ്ങലകളെ പൊട്ടിക്കാൻ ഉപകരിക്കുന്നു. പക്ഷേ, അവന് മുന്നോട്ട് ഓടണമെങ്കിൽ വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികസിദ്ധാന്തം കൂടിയേ കഴിയൂ.

ഈ കുറവ് ശ്രീ. എം. സി. ജോസഫിന്റെ പ്രതിപാദനരീതിയിലും, ചില അഭിപ്രായങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. കുറെ ഉപമകൾ പറഞ്ഞ് അവയിൽനിന്ന് ചില അന്ധവിശ്വാസങ്ങളുടെ വിഡ്ഢിത്തം വ്യക്തമാക്കുക എന്നതാണ് ശ്രീ. ജോസഫ് സ്വീകരിച്ചിട്ടുള്ള രീതി. പലപ്പോഴും ഈ കഥകൾ ബാലിശമായിത്തീരുന്നുണ്ടെന്നുള്ളത് പോകട്ടെ. കഥകൾക്ക് സമയം മുഴുവനും ചെലവാക്കി. തത്ത്വത്തെപ്പറ്റി കാര്യമായിട്ടൊന്നും പറയാതെ വിട്ടുകളയുന്നു എന്നാണെന്റെ പരാതി. എന്തെങ്കിലും ഒരു ചിന്താഗതിയെ ഉദാഹരിക്കുവാൻ കഥകൾ ഉപയോഗിക്കുകയല്ലാതെ, കഥകൾ കോർത്തിടുവാൻ ഒരു ആശയം ഉപയോഗിക്കുന്ന രീതി അത്ര ഉൽകൃഷ്ടമല്ല. 'ഓങ്കാരം', 'കാലികൾ കത്തോലിക്കരാണോ', 'ഗോരക്ഷ' മുതലായ പലതും വളരെ ശക്തിയേറിയ ലേഖനങ്ങളാണ്. അവയെല്ലാംതന്നെ ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ മാമൂലിന്റെ സംരക്ഷകന്മാരെ വളരെ വെകിളിപിടിപ്പിച്ചിട്ടുണ്ടായിരിക്കണം. ശ്രീ. ജോസഫ് അന്ധവിശ്വാസത്തെയും സംഘടിതമതത്തേയും പറ്റി പറയുന്നതെല്ലാംതന്നെ വാസ്തവങ്ങളാണ്. സംഘടിതമതത്തിന്റെ പിന്തിരിപ്പൻസ്വഭാവം രാഷ്ട്രീയരംഗത്താണ് തെളിഞ്ഞുകാണുന്നത്. സി. പി. രാമസ്വാമി അയ്യർക്ക് സ്വർണ്ണത്തകിടിൽ മംഗളപത്രം കൊടുത്ത പുരോഹിതവർഗ്ഗം ഇന്ന് തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ രക്ഷാധികാരികളായി ഞെളിയുകയാണ്. അവർ കോൺഗ്രസ്സിനെ കമ്മ്യൂണിസത്തിൽനിന്ന് രക്ഷിക്കാനാണത്രേ പരിശ്രമിക്കുന്നത്. അതെ, ഏതെങ്കിലും ഒരു കാലഘട്ടത്തിൽ കാണുന്നതിൽ ഏറ്റവും പിന്തിരിപ്പൻ ശക്തികളെ താലോലിച്ച് അതിന്റെ തണലിൽ കഴിഞ്ഞുകൂടുകയാണ് സംഘടിതമതങ്ങൾ ഇന്നുവരെ ചെയ്തിട്ടുള്ളത്. ഇതു കൊണ്ടുതന്നെയാണ് ഇന്ന് തിരുവിതാംകൂറിൽ കള്ളും തെറിയും കൊണ്ട് പൊതുയോഗങ്ങൾ പിരിച്ചുവിടുന്ന രീതി ഉത്ഭവിച്ചിരിക്കുന്നതും. ഇത്തരമൊരു പരിതസ്ഥിതിയിൽ ശ്രീ. ജോസഫിന്റെ സേവനം വിലയേറിയതാണ്. മാമൂലിന്റെ അടിമത്വത്തിൽ കിടന്ന് സാന്മാർഗ്ഗിക ബോധവും നീതിനിഷ്ഠയും നശിച്ച് ഒരു ജനത മൃഗപ്രായമായി തീരാതിരിക്കുവാൻ അത്യാവശ്യമായ ഒന്നാണ് സ്വതന്ത്രചിന്ത. ശ്രീ. കുറ്റിപ്പുഴയുടെ 'വിചാരവിപ്ലവം', യശഃശരീരനായ കെ. എസ്. മണിയുടെ 'സ്വതന്ത്രചിന്ത' എന്നിങ്ങനെ ചുരുക്കം ചില ഗ്രന്ഥങ്ങളേ മലയാളഭാഷയിൽ ഈ വിഷയത്തെ പുരസ്കരിച്ചെഴുതപ്പെട്ടിട്ടുള്ളൂ. അതുകൊണ്ട് പുരോഗതിയെയും ഭാഷയിലേക്ക് സ്വാഗതംചെയ്യുവാൻ സന്തോഷമുണ്ട്. ഒരു കുറവ് ഈ പുസ്തകത്തിനുള്ളത് ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. നിശ്ചിതമായ ഒരു ഫിലോസഫി ഗ്രന്ഥകാരനുണ്ടായിട്ടില്ല. ഒരു കലാകാരനു വേണമെങ്കിൽ അങ്ങിനെയൊന്നില്ലാതെ രണ്ടാംതരം കലാസൃഷ്ടിയെങ്കിലും നടത്താം. പക്ഷേ, ഒരു ചിന്തകൻ വ്യക്തമായ ഒരു പന്ഥാവില്ലാതെ ചിന്തിക്കുക സാദ്ധ്യമല്ല.

'പുരോഗതി'യുടെ അവതാരികയിൽ ശ്രീ. എ. ബാലകൃഷണപിള്ള ഉന്നയിച്ചിട്ടുള്ള രണ്ട് അഭിപ്രായങ്ങളും വിമർശനം അർഹിക്കുന്നവയാണ്. ഒന്നാമതായി ലൈംഗികവിഷയങ്ങളെപ്പറ്റി അദ്ദേഹം പുറപ്പെടുവിക്കുന്ന അഭിപ്രായമാണ്. ലൈംഗികമായ അരാജകത്വം യുക്തിയുക്തമാണെന്ന് തോന്നുന്നില്ല. വർഗ്ഗത്തിന്റെ ആരോഗ്യത്തിനും, സാമുദായിക സൗഹാർദ്ദത്തിനും ആവശ്യമായ ഒരു സന്മാർഗ്ഗനിയമാവലി കൂടിയേതീരൂ എന്നു തോന്നുന്നു. പ്രത്യേകിച്ചും സ്ത്രീ-പുരുഷസംയോഗത്തിൽ (അഥവാ വിവാഹത്തിൽ) വെറും ശാരീരികാനുഭൂതി മാത്രമേ ഉള്ളൂവെന്ന് വാദിക്കുന്ന രീതി യുക്തിവാദത്തിന്റേതല്ല മതത്തിന്റേതാണ് അതുകൊണ്ടുതന്നെയാണ് ജനനനിയന്ത്രണത്തെ എതിർക്കുന്ന മതം തന്നെ ബ്രഹ്മാചാരിത്വത്തെ പൂജിക്കുന്നതും. ഇന്നത്തെ സാന്മാർഗ്ഗികനീതിയിൽ അധികപങ്കും ഭോഷ്ക്കാണെന്നതുകൊണ്ട് ഏകഭാര്യാവ്രതം നിഷിദ്ധമാണെന്ന് തെളിയുന്നില്ല. രണ്ടാമത്, റഷ്യ ടോട്ടലിറ്റേറിയൻ സ്റ്റേറ്റാണെന്ന് അദ്ദേഹം പറയുന്നു. തത്ത്വമനുസരിച്ചാണെങ്കിൽ റഷ്യയെപറ്റി അങ്ങിനെ പറയുന്നത് തെറ്റാണ്. എല്ലാം രാഷ്ട്രത്തിനുവേണ്ടി എന്നും, എല്ലാം സമുദായത്തിനുവേണ്ടി എന്നും ഉള്ള മുദ്രാവാക്യങ്ങൾ തമ്മിൽ രാഷ്ട്രീയരംഗത്ത് വലിയ വൈരുദ്ധ്യമുണ്ട്.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.